# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1874   17.12.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം പദ്ധതിയുടെ സ്തംഭനാവസ്ഥ

**ചോദ്യം**

ശ്രീ. പി.കെ. ഗുരുദാസൻ :
ശ്രീ; വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

(എ) വിഴിഞ്ഞം പദ്ധതി സ്തംഭനാവസ്ഥയിലായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി സ്തംഭനാവസ്ഥയിലല്ല.

വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ എടുത്തിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. ഇ.ഐ.എ പഠനം

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖ പദ്ധതിയ്ക്കായുള്ള ടേംസ് ഓഫ് റഫറൻസ്, 2011 ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയുണ്ടായി. പാരിസ്ഥിതിക അനുമതിയ്ക്കായി ഒരു വർഷം നീണ്ടു നിൽക്കുന്ന (എല്ലാ കാലാവസ്ഥയിലും) പഠനം ഏഷ്യൻ കൺസൾട്ടിംഗ് എൻജിനീയേഴ്സ് (ഇന്ത്യ) ലിമിറ്റഡിനെയും റ്റി.ഒ.ആർ നിർദ്ദേശിച്ചിട്ടുള്ള മറ്റു പാരിസ്ഥിതിക പഠനത്തിനായി കേന്ദ്ര സർക്കാർ അംഗീകൃത കൺസൾട്ടന്റായ എൽ& റ്റി

റാംബോളിനെയും
ഏൽപ്പിക്കുകയുണ്ടായി. 2012
ജൂലൈ മാസത്തോടു കൂടി
കഴിയേണ്ടതായിരുന്നെങ്കിലും
വിവിധ തുറകളിലെ അപേക്ഷ
പ്രകാരം 2012 വർഷകാലസ്ഥിതി
വിവരം കൂടി ഉൾപ്പെടുത്തി
പഠനം സെപ്റ്റംബർ 2012 വരെ
നീട്ടുകയും ചെയ്തു.

പ്രസ്തുത വിവര
ശേഖരണത്തിന്റെ
അടിസ്ഥാനത്തിൽ 2012
ഡിസംബർ മാസത്തോടു കൂടി
കരട് പാരിസ്ഥിതിക പഠന
റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും
തുടർന്ന് പബ്ലിക് ഹിയറിംഗ്
നടത്താനുമുള്ള നടപടികൾ
എടുത്തു വരുന്നു. പബ്ലിക്
ഹിയറിംഗിന്റെ സാരാംശം കൂടി
ഉൾപ്പെടുത്തി അന്തിമ
പാരിസ്ഥിതിക പഠന റിപ്പോർട്ടും,
പാരിസ്ഥിതികാനുമതിക്കായിട്ടുള്ള
അപേക്ഷയും പരിസ്ഥിതി
മന്ത്രാലയത്തിന്റെ
അനുമതിയ്ക്കായി
സമർപ്പിക്കാനും നടപടികൾ
സ്വീകരിച്ചു വരുന്നു.
പാരിസ്ഥിതിക അനുമതി
ലഭിക്കുന്ന മുറയ്ക്ക്
തുറമുഖത്തിന്റെ നിർമ്മാണം
തുടങ്ങുന്ന തരത്തിൽ
എൻജിനീയറിംഗ്,
പ്രൊക്യൂർമെന്റ്, കൺസ്ട്രക്ഷൻ
(ഇപിസി) ടെൻഡർ
ക്ഷണിക്കുവാനുള്ള നടപടികളും
സമാന്തരമായി വിഴിഞ്ഞം
അന്താരാഷ്ട്ര തുറമുഖ
കമ്പനിയുടെ നേതൃത്വത്തിൽ
നടന്നു വരുന്നു. അനുബന്ധ
അടിസ്ഥാന സൗകര്യങ്ങളായ
റോഡ്, ജലം, വൈദ്യുതി
എന്നിവയ്ക്ക് വേണ്ട നിർമ്മാണ
പ്രവർത്തനങ്ങളും സമാന്തരമായി
നടന്നു വരുന്നു.

2. **പദ്ധതി ചെലവും ധനസമാഹരണവും**

പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ അടങ്കൽ തുക 4010 കോടി രൂപയായി പുനർ നിർണ്ണയിച്ചു. ഇതിനാവശ്യമായ വായ്പ നൽകുന്നതിന് ഹഡ്കോ, ഐ.ഐ.എഫ്.സി.എൽ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ സമീപിയ്ക്കുകയും, അവർ അത് തത്വത്തിൽ അംഗീകരിക്കുകയുമുണ്ടായി. കൂടാതെ എസ്.ബി.റ്റി യുടെ നേതൃത്വത്തിൽ 17 ബാങ്കുകളുടെ കൺസോർഷ്യം ആർ.ബി.ഐ ഗൈഡ്‌ലൈൻ പ്രകാരം സാമ്പത്തിക സഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. സർക്കാർ ബോണ്ട് വിതരണം നടത്തി 810 കോടി രൂപ സമാഹരിക്കുന്നതിന്റെ ഭാഗമായി എസ്.ബി.ഐ ക്യാപ്പിറ്റൽ മാർക്കറ്റിന്റെ നേതൃത്വത്തിൽ ക്രെഡിറ്റ് റേറ്റിംഗ് പൂർത്തീകരിക്കുകയും A-(SO)/BBB + റേറ്റിംഗ് ലഭ്യമാക്കുകയും ചെയ്തു. നാളിതുവരെ 405.45 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയ്ക്ക് നല്കിയിട്ടുണ്ട്. 2011-2012 വർഷത്തെ ബഡ്ജറ്റിൽ വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി 197.84 കോടി രൂപയും 2012-13 -ലെ ബഡ്ജറ്റിൽ 223.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

3. **സ്ഥലമേറ്റെടുപ്പും പുനരധിവാസവും**

പദ്ധതിയ്ക്കു ഏറ്റവും ആവശ്യമായ ബാക്കപ്പ് ഏര്യ, റോഡ്, ട്രക്ക് ടെർമിനൽ എന്നിവയ്ക്കുള്ള സ്ഥലത്തിന്റെ

90% ഏറ്റെടുത്തു കഴിഞ്ഞു. മാത്രമല്ല വെയർ ഹൗസിങ്ങിനു വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. വസ്തു വിലയ്ക്കു തന്നിട്ടുള്ള 47 വീട്ടുടമസ്ഥർക്ക് വിലയ്ക്കു പുറമെ സൗജന്യമായി 5 സെന്റ് ഭൂമിയും 6 മാസത്തെ വീട്ടു വാടക ഹാർഡ്ഷിപ്പ് അലവൻസായും ആണ് നൽകുന്നത്. ഇതിന്റെ പ്രമാണം 27.11.2012-ൽ വിതരണം ചെയ്യുകയുണ്ടായി. ബാക്കിയുള്ള 5 കുടുംബങ്ങൾക്കായി 5 സെന്റ് സ്ഥലത്തിന്റെ ഡോക്യൂമെന്റേഷൻ പൂർത്തിയാക്കുകയും തുടർനടപടികൾ എടുത്തു വരികയും ചെയ്യുന്നു.

## 4. <u>മാസ്റ്റർ പ്ലാൻ നിർമ്മാണവും, ഇപിസി ടെൻഡർ നടപടികളും</u>

മാസ്റ്റർ പ്ലാൻ, ഇ.പി.സി ടെണ്ടർ നടപ്പാക്കൽ തുടങ്ങിയവയ്ക്കായി AECOM എന്ന കൺസൾട്ടൻസിയെ ഏൽപ്പിക്കാൻ 15.06.2011-ൽ കൂടിയ VISL ബോർഡ് മീറ്റിംഗ് തത്വത്തിൽ അംഗീകരിക്കുകയുണ്ടായി. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ ഇ പി സി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന തരത്തിൽ വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കൽ കൺസൾട്ടൻസി വഴി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

## 5. ബാഹ്യ അടിസ്ഥാന സൗകര്യ വികസനം

### വൈദ്യുതി

വിഴിഞ്ഞം - ബാലരാമപുരം ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കാനുള്ള ടെണ്ടർ നടപടികളും ബാലരാമപുരം - കാട്ടാക്കട ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളും പുരോഗമിക്കുന്നു.

### വെള്ളം

പണി പൂർത്തിയായി വരുന്നു.

### റോഡ്

600 മീറ്റർ നീളമുള്ള ടെമ്പററി റോഡിന്റെ 530 മീറ്റർ പൂർത്തിയായി.

പദ്ധതി പ്രദേശത്തെ എൻ എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണത്തിന് എൻ. എച്ച് എ ഐ യുടെ അനുമതി ലഭിക്കേണ്ടതുണ്ട്.

### റെയിൽ

പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ നിർമ്മാണം ഇന്ത്യാ ഗവൺമെന്റിന്റെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയായി കൂട്ടിച്ചേർത്തിട്ടുണ്ട്. തലസ്ഥാനത്ത് പുതുതായി അനുവദിച്ച മോണോ റെയിലിന്റെ നിർദ്ദിഷ്ട പാത, തുറമുഖ പദ്ധതിയുടെ മുൻ നിശ്ചയിച്ചിരുന്ന പാതയുമായി കൂട്ടിമുട്ടുന്നതിനാൽ, ആർവിഎൻഎൽ മോണോ റെയിൽ പദ്ധതിയെ

ബന്ധിക്കാതെ തറനിരപ്പിൽ കൂടിയുള്ള ഒരു പുതിയ പാത കണ്ടെത്തി പഠിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ചു പഠനം നടത്തുകയും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് റെയിൽവേക്കു സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6. **തുറമുഖ നടത്തിപ്പുകാരനെ തെരഞ്ഞെടുക്കൽ**

തുറമുഖത്തിന്റെ ഓപ്പറേറ്റർക്ക് വേണ്ടിയുള്ള കരാറുകാരനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ തുടങ്ങിയിരുന്നെങ്കിലും ഏക ബിഡ്ഡറായി കേന്ദ്രാനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡ് 399.5 കോടി രൂപ ഗ്രാന്റ് നൽകാൻ ആവശ്യപ്പെടുകയുണ്ടായി. അതിനാൽ ടെണ്ടർ നടപടികൾ റദ്ദു ചെയ്യുകയും, പാരിസ്ഥിതിക അനുമതി ലഭ്യമായ ശേഷം വീണ്ടും ടെൻഡർ നടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതി മത്സ്യബന്ധനത്തിനും ടൂറിസത്തിനും ദോഷകരമായിരിക്കുമെന്ന നിലപാടുമായി ഐ.എഫ്.സി ഓംബുഡ്സ്മാനെ ആരെങ്കിലും സമീപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ഉപദേശകരായി ഇന്റർ നാഷണൽ ഫിനാൻസ് കോർപ്പറേഷൻ (ഐ.എഫ്.സി) നടത്തിയ പഠനങ്ങളിൽ പോരായ്മകൾ ഉണ്ടെന്നു ആരോപിച്ച് ഒരു എൻ.ജി.ഒ യുടെ പേരിൽ പ്രദേശത്തെ ഒരു റിസോർട്ട് ഉടമയും, ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷനും, ഒരു സാമൂഹിക സേവകനും

കൂടി ഐ.എഫ്.സി ഓംബുഡ്സ്മാനു ഐ.എഫ്.സിക്ക് എതിരെ പരാതി നൽകുകയുണ്ടായി. അതിൻപ്രകാരം ഐ.എഫ്.സി ഓംബുഡ്സ്മാനായ ശ്രീ.സ്കോട്ട് ആദംസ്, 2012 ഒക്ടോബർ 29 മുതൽ നവംബർ 1 വരെ തിരുവനന്തപുരം സന്ദർശിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി തെളിവു ശേഖരിക്കുകയുമുണ്ടായി.

വിഴിഞ്ഞം തുറമുഖ പദ്ധതി ഇന്ത്യൻ നിയമപ്രകാരം 2006-ലെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിജ്ഞാപനം പ്രകാരമുള്ള പാരിസ്ഥിതിക പഠനം നടത്തി കേന്ദ്ര അനുമതി നേടിയെടുത്തശേഷം മാത്രമായിരിക്കും നടപ്പാക്കുന്നത്. അതിനാൽ ഐ.എഫ്.സി ഓംബുഡ്സ്മാന്റെ സന്ദർശനവും, പരാതി നൽകിയതുമായുള്ള ചർച്ചയും അതിൻമേലുള്ള തുടർ നടപടികളും വിഴിഞ്ഞം തുറമുഖ പദ്ധതിയെ ഒരു വിധത്തിലും ബാധിക്കുകയില്ല.

(സി) തുറമുഖ നിർമ്മാണത്തിനുള്ള പരിസ്ഥിതി അനുമതി ലഭിച്ചിട്ടുണ്ടോ; ആയത് ലഭിക്കാൻ താമസിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; നിർമ്മാണം ഇനിയും താമസിച്ചാലുണ്ടാകുന്ന അധിക ചെലവ് എത്ര കോടിയായിരിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

(സി) ലഭിച്ചിട്ടില്ല. പാരിസ്ഥിതിക അനുമതിയ്ക്കായി ഒരു വർഷം നീണ്ടു നിൽക്കുന്ന (എല്ലാ കാലാവസ്ഥയിലും) പഠനം 2012 ജൂലൈ മാസത്തോടു കൂടി കഴിയേണ്ടതായിരുന്നെങ്കിലും വിവിധ തുറകളിൽ നിന്നുമുള്ള അപേക്ഷ പ്രകാരം തീരദേശ പഠനം കൂടി ഉൾപ്പെടുത്തി പഠനം സെപ്റ്റംബർ 2012 വരെ നീട്ടുകയും ചെയ്തു. എന്നാൽ ഈ അവസരത്തിൽ ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ പരിസ്ഥിതി പഠനത്തിൽ പരിമതികൾ ഉണ്ടെന്നു

ചൂണ്ടിക്കാട്ടി ഏഷ്യൻ കൺസൾട്ടിംഗ് എൻജിനീയേഴ്സിനു പരാതി നൽകിയതിന്റെ ഫലമായി പദ്ധതിയുടെ ഉപദേശകരായ ഐ.എഫ്.സിയുടെ പരിസ്ഥിതി വിഭാഗത്തിന്റെ ആഗോള തലവയായ ശ്രീമതി. ഇസബെൽ പാരിസും ഏഷ്യൻ കൺസൾട്ടിംഗ് എൻജിനീയേഴ്സ് ടീം അംഗങ്ങളും 25 സെപ്റ്റംബർ 2012-ൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും പരാതിക്കാരുമായി ചർച്ച ചെയ്യുകയുമുണ്ടായി. പരാതിക്കാരുടെ പ്രശ്നങ്ങളെല്ലാം തന്നെ പാരിസ്ഥിതിക ആഘാത പഠനത്തിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ടിൽ സംബോധന ചെയ്യുന്നതായിരിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തു.

തദവസരത്തിൽ പാരിസ്ഥിതിക പഠനത്തിൽ പോരായ്മകൾ ഉണ്ടെന്നും, അത് പരിശോധിക്കാനായി കേന്ദ്ര സർക്കാരിന്റെ 'കോസ്റ്റൽ റഗുലേറ്ററി സോൺ കമ്മിറ്റി ' യെ അയക്കണമെന്നും ചൂണ്ടിക്കാട്ടി മറ്റൊരു പരാതി ഹോട്ടൽ & റസ്റ്റോറന്റ്സ് അസോസിയേഷൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു നല്കുകയുണ്ടായി. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച ടേംസ് ഓഫ് റഫറൻസ് പ്രകാരം നടത്തിയിട്ടുള്ള പഠനം പൂർത്തിയാവുന്നതിനു മുൻപു ലഭിച്ച ഈ പരാതി പരിഗണിക്കേണ്ടതില്ലെന്നും ചൂണ്ടിക്കാട്ടി ഒരു മറുപടി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു

നല്കുകുയുണ്ടായി.

മുകളിൽ പറഞ്ഞ കാരണങ്ങളാൽ പദ്ധതിയുടെ പാരിസ്ഥിതിക പഠനത്തിൽ മുൻ നിശ്ചയിച്ചിരുന്ന സമയക്രമത്തിൽ കാലതാമസം വരുവാൻ ഇടയായിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണം വൈകിയാൽ എത്ര തുക അധിക ചെലവ് ഉണ്ടാകുമെന്ന് പരിശോധിക്കേണ്ടി വന്നിട്ടില്ല.

സെക്ഷൻ ഓഫീസർ